# നീരയ്ക്കും ഇതാ കടമ്പകൾ

മുഖ്യമന്ത്രി നീര രുചിച്ചു. നീര നീണാൾ വാഴട്ടെ, അതു കേരകർഷകരുടെ ആദായം വർധിപ്പിക്കട്ടെ എന്നു പരസ്യമായി പറയുമ്പോൾ ആ നീരയെയും ആപ്പിലാക്കാൻ കുത്സിത ശ്രമങ്ങൾ പലയിടത്തും. നീര ഉത്പാദനത്തിനായി ബജറ്റിൽ നീക്കിവച്ച 15 കോടി രൂപ വകമാറ്റി കൃഷിമന്ത്രി തുടങ്ങിയ നാളികേര കോർപറേഷനു നല്കാൻ നീക്കം.

ഒരു വശത്തു നീരയുടെ മഹത്വം പാടുമ്പോൾ മറുവശത്ത് അതിനെ പാരവയ്ക്കുകയോ? ഈ വാർത്ത ആരും നിഷേധിക്കാത്തിടത്തോളം അതു വിശ്വസിക്കാനല്ലേ തരമുള്ളു. ഏതാണ് ഈ നാളികേര കോർപറേഷൻ? വർഷങ്ങൾക്കുമുമ്പ് ഒരു കോർപറേഷൻ അന്നത്തെ കൃഷിമന്ത്രി വക്കം പുരുഷോത്തമൻ തുടങ്ങി. കെടുകാര്യസ്ഥതയിൽ അതു പൊളിഞ്ഞു. അതു ലേലത്തിൽ വിൽക്കേണ്ട അവസ്ഥയായി. പിന്നെ വീണ്ടുമൊരു കോർപറേഷനോ? എന്തിന്, ആരുടെ രക്ഷയ്ക്ക്? കേരകർഷകരുടെ രക്ഷയ്ക്കു സ്തുത്യർഹമായി പ്രവർത്തിക്കുന്ന ഒരു കേരഫെഡില്ലേ? അവരുടെ പരിശുദ്ധമായ കേര വെളിച്ചെണ്ണ ഇന്ന് അരങ്ങുതകർക്കുകയാണ്.

നീരയ്ക്കായി നീക്കിവച്ച പണം മറുകണ്ടം ചാടരുത്. നീര ചെത്തി എടുക്കലിൽ ഏറെ സാങ്കേതികത്വമുണ്ട്. അതിനു പണം വേണം, പരിചയമുള്ള വിദഗ്ധരും. ഒരു കോർപറേഷനും നീരയെ വലയ്ക്കാൻ ഇടയാകരുത്.

ജോസഫ് ആലപ്പാട്ട്, കരാഞ്ചിറ